DESPATCHED
On.03/01/22.



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic@kerala.nic.in**

**ഹർജി നമ്പർ CP No. 181(6)/2021/*എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.4086/*എസ്.ഐ.സി-ജി 5/2021***

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി : 18.12.2021**

| | |
|---|---|
| **ശ്രീ. ഷാജി. ടി.എസ്,<br>താഴത്തേതിൽ (സയനോര),<br>വല്ലന,<br>എരുമക്കാട് പി.ഒ,<br>ആറൻമുള – 689 532.** | **പരാതി ഹർജിക്കാരൻ** |

**Vs.**

| | |
|---|---|
| **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്,<br>ജില്ലാ ഓഫീസ്, ജനറൽ ഹോസ്പിറ്റലിന് എതിർവശം,<br>കെ.കെ. നായർ റോഡ്,<br>പത്തനംതിട്ട – 689 645.** | **എതിർകക്ഷി** |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 11/02/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 18/03/2021 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 23/03/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05/05/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 29/06/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 10/12/2021<br>PWD റസ്റ്റ് ഹൗസ്, തിരുവല്ല |
| ഹിയറിംഗിലെ സാന്നിധ്യം :<br>പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | <br>ഹാജരായില്ല<br>ഹാജരായി |

# ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ഷാജി. ടി.എസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് നാളിതുവരെ എതിർകക്ഷി മറുപടി ലഭ്യമാക്കിയിട്ടില്ലെന്നും മറുപടി നൽകാത്ത എതിർകക്ഷിക്കെതിരെ നിയമനടപടി സ്വീകരിക്കണമെന്നും ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കണമെന്നുമാണ്.

2. പരാതി ഹർജിക്കാരൻ എതിർകക്ഷി മുമ്പാകെ 11.02.2021 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) 16.01.2021 ൽ പരാതിക്കാരന്റെ സ്ഥാപനത്തിൽ പരിശോധന നടത്തിയ ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക സ്ഥാനപേരും മേൽവിലാസവും നൽകുന്നതിനും

2) മേൽ പറഞ്ഞ പരിശോധനയിൽ ടി ഉദ്യോഗസ്ഥൻ പരാതിക്കാരന്റെ ചില്ലറ (റീറ്റെയിൽ) മൽസ്യ വ്യാപാര സ്ഥാപനത്തിന്റെ നടത്തിപ്പിനെ സംബന്ധിച്ച് ആരോപിക്കപ്പെട്ടിട്ടുള്ള ന്യൂനതകൾ വിശദീകരിക്കുന്നതിനും

3) ടി പരിശോധന വേളയിൽ പരാതിക്കാരന്റെ സ്ഥാപനത്തോടു ചേർന്നു ടിയാന്റെ ഉടമസ്ഥതയിലുള്ള പീടിക മുറിയിൽ സർക്കാർ വകുപ്പുകളുടെ അനുമതി ഇല്ലാതെ ടിയാൻ നടത്തി വരുന്ന ഡിറ്റർജന്റ്, ഫ്ളോർ ക്ലീനിങ്ങ് കെമിക്കൽസ് എന്നിവയുടെ വ്യാപാരത്തെ സംബന്ധിച്ച് അന്വേഷിച്ചിട്ടുണ്ടോ എന്നും നിയമാനുസൃതമായ അനുമതി ഇല്ലെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്നും തുടങ്ങി 8 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. പരാതി ഹർജിക്കാരന്റെ 11.02.2021 ലെ അപേക്ഷയ്ക്ക് എതിർകക്ഷി മറുപടി നൽകിയതായി കാണുന്നില്ല

4. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 23.06.2021 തീയതി വച്ച് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, പരാതിക്കാരന്റെ 11.02.2021 ലെ വിവരാവകാശ അപേക്ഷയ്ക്ക് 09.03.2021 ൽ മറുപടി നൽകിയിട്ടുള്ളതാണെന്നും ടി മറുപടിയുടെ പകർപ്പ് റിപ്പോർട്ടിനൊപ്പം ഉൾക്കൊള്ളിക്കുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭ്യമായിട്ടില്ലെന്നു ആരോപിച്ചാണ് പരാതിക്കാരൻ കമ്മീഷനിൽ പരാതി സമർപ്പിച്ചതായി കാണുന്നത്. 10.12.2021 ൽ കമ്മീഷൻ തിരുവല്ല റസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിംഗിൽ എതിർകക്ഷി പങ്കെടുത്ത് മൊഴി നൽകിയിട്ടുള്ളതാണ്. പരാതി ഹർജിക്കാരൻ ഹിയറിംഗിൽ പങ്കെടുക്കുകയോ, പങ്കെടുക്കാതിരുന്നതിനുള്ള കാരണം അറിയിക്കുകയോ ചെയ്തിരുന്നില്ല. വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭ്യമാകാതിരിക്കുകയോ ലഭ്യമായ മറുപടി തൃപ്തികരം അല്ലെങ്കിലോ പരാതി ഹർജിക്കാരന് ആയതിന് അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതായിരുന്നു. എന്നാൽ അപ്രകാരം ചെയ്യാതെ ടിയാൻ നേരിട്ട് സംസ്ഥാന വിവരാവകാശ കമ്മീഷനിൽ പരാതി സമർപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. പരാതി ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് 09.03.2021 ൽ മറുപടി ലഭ്യമാക്കിയിട്ടുള്ളതാണെന്നാണ് എതിർകക്ഷിയുടെ മൊഴിയിലും ടിയാന്റെ 23.06.2021 ലെ റിപ്പോർട്ടിലും പറയുന്നത്. ആയത് തെളിയിക്കുന്നതിന് ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പും RTI രജിസ്റ്ററിന്റെ പകർപ്പും ഹിയറിംഗ് വേളയിൽ എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടുള്ളതുമാണ്. 10.12.2021 ഹിയറിംഗ് വേളയിൽ എതിർകക്ഷിയോട് വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടതിൻ പ്രകാരം എതിർകക്ഷി 10.12.2021 തീയതി വച്ച് 16.12.2021 ൽ കമ്മീഷനിൽ ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതിൽ പ്രസ്താവിച്ചിരിക്കുന്നത്, അപേക്ഷകൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ ഉൾപ്പെടുന്ന മറുപടിയും രേഖകളും 09.03.2021 ൽ പരാതിക്കാരന് നൽകിയിട്ടുണ്ടെന്നും കോവിഡ് രൂക്ഷമായ സമയമായതിനാൽ അപേക്ഷകനെ ഒരിക്കൽ കൂടി ഓഫീസിൽ വരുത്താത്ത വിധം ഒപ്പിട്ട രേഖകൾ കൂടി മറുപടിയിൽ ഉൾപ്പെടുത്തിയാണ് നൽകിയതെന്നും ആയത് തപാൽ രജിസ്റ്ററിൽ 1387 നമ്പറായി 213-ാം പേജിൽ രേഖപ്പെടുത്തിയതിന്റെ പകർപ്പും കൂടാതെ അപേക്ഷകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന വിവരാവകാശ രജിസ്റ്ററിന്റെ പകർപ്പും ഉൾക്കൊള്ളിക്കുന്നതായും ടിയാന്റെ വിവരാവകാശ അപേക്ഷയിൽ സമയബന്ധിതമായി കോവിഡ് സാഹചര്യം കണക്കാക്കി, ഫീസടക്കാതെ തന്നെ രേഖകൾ നൽകിയിട്ടുള്ളതുമാണെന്നാണ്. പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയതായി റിപ്പോർട്ടി

നൊപ്പം സമർപ്പിച്ചിട്ടുള്ള രേഖകൾ പരിശോധിച്ച് കമ്മീഷന് ബോധ്യപ്പെട്ടതിന്റെ സാഹചര്യത്തിൽ, ഈ പരാതി ഹർജിയിൽ മേൽ നടപടി ആവശ്യമില്ല എന്ന് വിലയിരുത്തി ഇന്നേ ദിവസം 2021 ഡിസംബർ മാസം 18-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**അഡ്വ.എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm

RIGHT TO INFORMATION